DESPATCHED On..8/2/22

3/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1793(1)/2021/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: **15653/SIC-G4/2021**)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഫെബ്രുവരി 3

ശ്രീ. തോമസ് കുട്ടി എം.റ്റി.,
മണക്കുന്നേൽ,
കുരിശുംമൂട് പി.ഒ.,
ചങ്ങനാശ്ശേരി.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി,
ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

2) അപ്പീൽ അധികാരി & ജോയിന്റ് സെക്രട്ടറി,
ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 03/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 18/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 29/09/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 22/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 30/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 01/02/2022 -(വീഡിയോ/ ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം :അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | **ഹാജരായില്ല**<br>**ഹാജരായി - വീഡിയോ** |

## ഉത്തരവ്

ശ്രീ. തോമസ് കുട്ടി എം.റ്റി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, മലങ്കര ഓർത്തോഡോക്സ് ചർച്ച് കോളേജിൽ നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നോമിനിയെ അനുവദിച്ച് നൽകിയ ഉത്തരവുമായി ബന്ധപ്പെട്ട വിവരം ലഭ്യമാക്കുവാൻ 16 ഇനങ്ങളിലായി നൽകിയ

കൈമാറുവാൻ വ്യവസ്ഥയുണ്ടെന്നും എന്നാൽ അപേക്ഷകൻ ആവശ്യപ്പെടുന്ന വിവരം ഒന്നിലധികം അധികാരസ്ഥാനങ്ങളിൽ ചിതറികിടക്കുന്നതാണെങ്കിൽ ബന്ധപ്പെട്ട വിവരാവകാശ ഓഫീസർമാർക്ക് പ്രത്യേകം പ്രത്യേകം അപേക്ഷ ഹർജിക്കാരൻ നേരിട്ട് നൽകി മറുപടി വാങ്ങേണ്ടതാണെന്നും ആയതിനാൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ/കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ/എം.ഒ.സി. കോളേജ്/ധനകാര്യ വകുപ്പ് എന്നിവിടങ്ങളിലെ ഫയലുകളുമായി ബന്ധപ്പെട്ട വിവരം ലഭ്യമാകുന്നതിനായി അതാതു ഓഫീസുകളിലെ വിവരാവകാശ ഓഫീസർമാർക്ക് ഹർജിക്കാരൻ തന്നെ പ്രത്യേകം പ്രത്യേകം അപേക്ഷ നൽകി വിവരം തേടേണ്ടതാണെന്നുമുള്ള മറുപടി നൽകിയതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. തോമസ്കുട്ടിയുടെ 3.8.2021-ലെ അപേക്ഷ 10.8.2021-ന് ലഭിച്ചു എന്നും എം.ഒ.സി. കോളേജിന് സർക്കാർ നോമിനിയെ അനുവദിച്ച് നൽകിയ ഡി2/130/2021/ഉവിവ ഫയലുമായി ബന്ധപ്പെട്ട വിവരങ്ങളും മറ്റ് അധികാരസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ചില വിവരങ്ങളുമാണ് ടിയാൻ ആവശ്യപ്പെട്ടിരുന്നതെന്നും ടി വകുപ്പിൽ ലഭ്യമായിരുന്ന അപേക്ഷയിലെ 1, 2, 4, 8, 11, 12 പിരിവുകളിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പിനായി 68/- രൂപ ട്രഷറിയിൽ ഒടുക്കി ചലാൻ ഹാജരാക്കുവാനും മറ്റ് പിരിവുകൾക്ക് ബന്ധപ്പെട്ട ഓഫീസുകളിലെ വിവരാവകാശ ഓഫീസർമാർക്ക് അപേക്ഷ നൽകി വിവരം തേടുവാനും 26.8.2021-ലെ ഡി2/407/2021/ഉവിവ കത്ത് പ്രകാരം ഹർജിക്കാരനെ അറിയിച്ചിരുന്നതാണെന്നും എന്നാൽ ഹർജിക്കാരൻ 18.9.2021 തീയതി വച്ച് അപ്പീൽ അപേക്ഷ, 68/- രൂപ ഫീസ് ഒടുക്കിയതിന്റെ ചലാൻ സഹിതം നൽകുകയുണ്ടായി എന്നും തുടർന്ന് ടിയാന് 29.9.2021-ലെ ഡി2/407/2021/ഉവിവ പ്രകാരം ടി വകുപ്പിൽ ലഭ്യമായിരുന്ന രേഖകളുടെ പകർപ്പ് നൽകുകയും ടി വകുപ്പിൽ ലഭ്യമല്ലാത്ത വിവരം നേരിട്ട് ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും നേടുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരൻ നിരന്തരം വിവരാവകാശ അപേക്ഷകൾ സമർപ്പിക്കുന്ന പ്രവണതയാണ് കണ്ടു വരുന്നതെന്നും ഹിയറിംഗിൽ ഹാജരാകാറില്ലെന്നും വേണ്ടത്ര വ്യക്തതയില്ലാത്ത തരത്തിലുള്ള അപേക്ഷകൾ നൽകുന്നത് പൊതു അധികാര സ്ഥാനങ്ങളുടെ സാധാരണയായുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്നും ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ/അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടവയിൽ ടി വകുപ്പിൽ ലഭ്യമായിരുന്ന എല്ലാ വിവരങ്ങളും/രേഖകളും നൽകിയിരുന്നുവെന്നും മറ്റ് ഓഫീസുമായി ബന്ധപ്പെട്ട വിവരങ്ങൾ അപേക്ഷകന് നേരിട്ട് നൽകുന്നതിനായി വിവരാവകാശ അപേക്ഷ/അപ്പീൽ അപേക്ഷ ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക്